# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5190. 02.07.2013 ൽ മറുപടിയ്ക്ക്.

സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) കോഴിക്കോട് - വടകര ദേശീയ പാതയിലെ സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടംകാരണം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എത്ര അപകടങ്ങളുണ്ടായി എന്നും എത്ര പേർ മരണപ്പെട്ടു എന്നും അറിയാമോ; വ്യക്തമാക്കുമോ ; | (എ) | **കോഴിക്കോട്:** അപകടം 1, മരണം 1<br>**വടകര:** അപകടം 24, മരണം 10 |
| (ബി) പ്രസ്തുത റൂട്ടിൽ ഓടുന്ന എല്ലാ സ്വകാര്യ ബസ്സുകളിലും പ്രവർത്തനക്ഷമമായ സ്പീഡ് ഗവേർണർ ഘടിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഇത് പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്നും വ്യക്തമാക്കുമോ ; | (ബി) | SRO.നം.568/2006 എന്ന വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ സ്റ്റേജ്ജ് കാര്യേജ്ജുകളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കാത്ത ബസുകൾക്ക് പെർമിറ്റ് അനുവദിച്ചു നൽകുന്നതല്ല. കൂടാതെ ഓരോ വർഷവുമുള്ള ഫിറ്റ്നസ് ടെസ്റ്റിന്റെ സമയത്തും, റോഡ് ചെക്കിംഗിന്റെ സമയത്തും സ്പീഡ് ഗവർണ്ണറിന്റെ പ്രവർത്തനക്ഷമത മോട്ടോർ വാഹന വകുപ്പും, വാഹന പരിശോധനയ്ക്കിടയിൽ പോലീസ് വകുപ്പും പരിശോധിക്കാറുണ്ട്. |
| (സി) സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടംമൂലമുള്ള അപകടങ്ങൾ ഇല്ലാതാക്കാൻ മോട്ടോർ വാഹന വകുപ്പ് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | സ്വകാര്യ ബസ്സുകളുടെ സർവ്വീസ്, ഇന്റർസെപ്റ്റർ ഉപയോഗിച്ച് ചെക്ക് ചെയ്യുന്നു.ഹൈവേകളിൽ 24 മണിക്കൂറും നിരീക്ഷിക്കാൻ കഴിവുള്ള സ്പീഡ് റഡാർ ക്യാമറകളും കൺട്രോൾ റൂമും ഉടനടി പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡ്രൈവർമാർക്ക് സുരക്ഷിതമായ ഡ്രൈവിംഗിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. മൽസരയോട്ടം മൂലമാണ് അപകടമുണ്ടായതെന്ന് തെളിഞ്ഞാൽ വാഹനങ്ങളുടെ പെർമിറ്റും ഡ്രൈവിംഗ് ലൈസൻസും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി ബോർഡിൽ വെച്ച് സസ്പെൻഡ്/ക്യാൻസൽ ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ.